**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3213** **26-06-2024 - ൽ മറുപടിയ്ക്ക്**

**പരവൂർ ഒല്ലാൽ മേൽപ്പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിലെ ഒല്ലാൽ റെയിൽവേ ലെവൽ ക്രോസ്സിൽ മേൽപ്പാലം നിർമ്മിക്കുന്നതിനായി ആർ.ബി.ഡി.സി.കെ. യുടെ നിർവ്വഹണ ചുമതലയിൽ നടന്നു വരുന്ന നടപടികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; | (എ) | ചാത്തന്നൂർ മണ്ഡലത്തിലെ ഒല്ലാൽ റെയിൽവേ ലെവൽ ക്രോസ്സിൽ മേൽപ്പാലം നിർമ്മാണം 2018 ൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കാൻ ഉത്തരവാകുകയും, ആർ.ബി.ഡി.സി.കെ. സമർപ്പിച്ച പദ്ധതിരേഖ കിഫ്ബി അംഗീകരിച്ച് പദ്ധതിക്കായി 36.75 കോടി രൂപ അനുവദിക്കുകയും ചെയ്തു. തുടർന്ന് 11.08.2023-ന് ഈ പദ്ധതി 2023-24 റെയിൽവേ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തിയെന്ന് റെയിൽവേ അറിയിച്ചതനുസരിച്ച് 18.12.2023-ന് General Arrangement Drawing ആർ.ബി.ഡി.സി.കെ റെയിൽവേയിൽ സമർപ്പിച്ചു. എന്നാൽ 22.02.2024-ന് മേൽപ്പാലം സ്പെഷ്യൽ വെഹിക്കിൾ (SV) ലോഡിംഗിന് അനുസൃതമായ ഡിസൈൻ പ്രകാരം General Arrangement Drawing പുതുക്കി സമർപ്പിക്കുവാൻ റെയിൽവേ അറിയിക്കുകയുണ്ടായി. കൂടാതെ ട്രെയിൻ പാളം തെറ്റുമ്പോൾ, മേൽപ്പാലത്തിനുണ്ടാകാവുന്ന ആഘാതം കുറക്കുവാൻ വേണ്ടിയും മേൽപ്പാലത്തിന്റെ ഡിസൈനിൽ വേണ്ട മാറ്റങ്ങൾ വരുത്തുവാൻ 19.03.2024-ന് റെയിൽവേ അറിയിച്ചു. റെയിൽവേ മേൽപ്പാലത്തിന്റെ General Arrangement Drawing തയ്യാറാക്കേണ്ടത് RDSO അംഗീകൃത റെയിൽവേ GAD പ്രകാരമാണ്. എന്നാൽ SV Loading പ്രകാരമുള്ള RDSO അംഗീകൃത GAD ഡ്രോയിംഗ് ഇപ്പോൾ ലഭ്യമല്ല. ആയത് ലഭ്യമാക്കാൻ 14.03.2024-നും, 03.05.2024-നും റെയിൽവേയ്ക്ക് കത്ത് നൽകിയിരിക്കുകയാണ്. റെയിൽവേയിൽ നിന്നും ഡ്രോയിംഗ് ലഭ്യമായാൽ ഉടനെ തന്നെ General Arrangement Drawing തയ്യാറാക്കി റെയിൽവേയിൽ സമർപ്പിക്കുന്നതാണ്. General Arrangement Drawing -ന് അംഗീകാരം റെയിൽവേയിൽ നിന്നും ലഭ്യമായാൽ ഉടനെ തന്നെ ഭൂമി ഏറ്റെടുക്കാൻ ആരംഭിക്കുന്നതുമാണ്. |

| | | | |
|---|---|---|---|
| (ബി) | മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട ജി.എ.ഡി.ക്ക് അന്തിമാനുമതി ലഭിച്ചിട്ടുണ്ടോ; പ്രസ്തുത അനുമതി ലഭിച്ചു കഴിഞ്ഞാൽ മേൽപ്പാലം നിർമ്മാണം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കുവാനുള്ളത്; വിശദമാക്കാമോ? | (ബി) | എ പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ